I/121387/2023

**വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ജില്ലാ തല ഓഫീസർമാരുമായുള്ള അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ്**

ബഹു. വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും ഡയറക്ടറുടെയും നേതൃത്വത്തിൽ വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ, ജില്ലാതല പ്രോഗ്രാം ഓഫീസർമാർ, വനിതാ സംരക്ഷണ ഓഫീസർമാർ, ജില്ല ശിശു സംരക്ഷണ ഓഫീസർമാർ എന്നിവരുടെ അവലോകന യോഗം 2023 സെപ്റ്റംബർ മാസം 15,16 തീയതികളിലായി വനിതാ ശിശു വികസന ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ വച്ച് കൂടുകയുണ്ടായി. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. 2023 സെപ്റ്റംബർ 15 ന് രാവിലെ 10 മണിമുതൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെയും ജില്ലാതല പ്രോഗ്രാം ഓഫീസർമാരെയും ഉൾപ്പെടുത്തിയും 2023 സെപ്റ്റംബർ 16 ന് രാവിലെ 10 മണിമുതൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെയും വനിതാ സംരക്ഷണ ഓഫീസർമാരെയും, ജില്ല ശിശു സംരക്ഷണ ഓഫീസർമാരെയും ഉൾപ്പെടുത്തിയും അവലോകന യോഗം ആരംഭിച്ചു. പ്രസ്തുത യോഗങ്ങൾ അന്നേദിവസങ്ങളിൽ വൈകിട്ട് 5 മണിക്ക് അവസാനിച്ചു. യോഗത്തിൽ ചർച്ച ചെയ്ത വിഷയങ്ങളിൻമേലുള്ള തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**<u>പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശങ്ങൾ</u>**

1. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ഉടൻ തന്നെ അങ്കണവാടി വർക്കർ ശിശു വികസന പദ്ധതി ഓഫിസറെ അറിയിക്കേണ്ടതും, CDPO ജില്ലാ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും ജില്ലാ ഓഫീസർ വിവരം ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്ത് ഉടൻ തന്നെ സംഭവ സ്ഥലം സന്ദർശിച്ച് അവശ്യം വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ആവശ്യമെങ്കിൽ ജില്ലാ കളക്ടറുടെ സഹായം തേടാവുന്നതുമാണ്. വകുപ്പിന്റെ എല്ലാതലത്തിലുമുള്ള ജീവനക്കാർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ, എല്ലാ ജീവനക്കാരും)**
2. വകുപ്പിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളുടെ കാര്യത്തിൽ അതിയായ ശ്രദ്ധ പുലര്ത്തേണ്ടതാണ്. ക്ഷേമ സ്ഥാപനങ്ങളിലെ ഓരോ താമസക്കാരെയും പ്രത്യേകം ശ്രദ്ധിച്ച് ഓരോരുത്തരുടേയും സൈക്കോ സോഷ്യൽ ആവശ്യങ്ങൾ കണ്ടെത്തി അതിനനുസരിച്ചുള്ള individual care plan തയ്യാറാക്കി അതിനായുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇത്തരത്തിൽ ഓരോരുത്തരുടേയും കഴിവുകൾ/ അഭിരുചികൾ കണ്ടെത്തി ആ മേഖലകളിൽ അവരെ പ്രാപ്തരാക്കേണ്ടതാണ്. ജില്ലാ ഓഫീസർമാരും, ക്ഷേമസ്ഥാപന സൂപ്രണ്ടുമാരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതും ആവശ്യമുള്ള പക്ഷം ജില്ലാ കളക്ടറുടെ സഹായം തേടാവുന്നതുമാണ്. സ്ഥലസൗകര്യമുള്ള സ്ഥാപനങ്ങൾ ഇതിനായി വിനിയോഗിക്കാവുന്നതുമാണ്. ക്ഷേമ സ്ഥാപനങ്ങളിൽ താമസക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാകുന്ന വിധത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടതാണ്. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ, ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർ)**

3. Govt. of India യുടെ സ്കീമുകൾ നടപ്പിലാക്കുന്ന സ്ഥാപനങ്ങളിൽ Govt. of India യുടെ brand name, logo എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ഇക്കാര്യം ജില്ലാ ഓഫീസർമാർ താഴെത്തട്ടിലെ ഉദ്യോഗസ്ഥരെ അറിയക്കേണ്ടതാണ്. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ)**
4. ജില്ലാ വനിത ശിശുവികസന ഓഫീസർമാർ എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തേണ്ടതാണ്. കൂടാതെ എല്ലാ മാസവും നാലാം ശനിയാഴ്ച നടത്തിവരുന്ന ജില്ലാ കളക്ടറുടെ റിവ്യൂ മീറ്റിംഗിൽ വകുപ്പിന്റെ പ്രശ്നങ്ങൾ ഉൾപ്പെടുത്തുന്നതിന് കളക്ടറുടെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ)**
5. ജില്ലാ വനിതാ ശിശുവികസന ഓഫീസര് തസ്തികയെ ഡെപ്യൂട്ടി ഡയറക്ടർ എന്ന് പുനർ നാമകരണം ചെയ്യണമെന്ന് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ അഭ്യർത്ഥിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. . **(നടപടി : എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ)**

**<u>ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുമായി റിവ്യൂ നടത്തിയതിന്റെ നടപടിക്കുറിപ്പ്</u>**

**<u>ബേഠീ ബചാവോ ബേഠീ പഠാവോ</u>**

6. BBBP യുമായി ബന്ധപ്പെട്ട് നിശ്ചയിച്ച നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ ഒക്ടോബർ മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. പ്രസ്തുത പദ്ധതിയുടെ തുടർ അവലോകനം നടത്തുന്നതിനായി ഒക്ടോബർ മാസം 15 നകം വകുപ്പ് സെക്രട്ടറി തല മീറ്റിംഗ് നടത്തുന്നതാണ് എന്നും അറിയിച്ചു. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ)**

**<u>പൽന സ്കീം</u>**

7. സ്കീം പ്രകാരം നിലവിൽ പ്രവർത്തിക്കുന്ന Stand Alone Creches പകുതി ഈ വർഷവും ബാക്കി അടുത്ത സാമ്പത്തിക വർഷത്തോടെയും അങ്കണവാടി കം ക്രഷ് ആക്കി മാറ്റണമെന്നാണ് കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുള്ളത് എന്നും സംസ്ഥാന സർക്കാർ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ക്രഷുകളെ സമീപപ്രദേശത്തുള്ള അങ്കണവാടിയുമായി സംയോജിപ്പിച്ച് അങ്കണവാടി കം ക്രഷ് പദ്ധതി നടപ്പിലാക്കുന്ന നടപടികൾ ജില്ല വനിത ശിശുവികസന ഓഫീസർമാർ സ്വീകരിക്കേണ്ടതുണ്ട് എന്നും ഡയറക്ടർ നിർദ്ദേശിച്ചു. **( നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ)**

**<u>അങ്കണവാടി കം ക്രഷ്</u>**

8. 304 അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുന്നതിനായി നിലവിൽ ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള യൂണിറ്റുകൾ മുഴുവൻ കണ്ടെത്തി പൂർണ്ണമായ റിപ്പോർട്ട് (നിശ്ചിത പ്രൊഫോർമ പ്രകാരം) ഒരാഴ്ച്ചക്കകം ജില്ല വനിത ശിശുവികസന ഓഫീസർമാർ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. പദ്ധതിയ്ക്കായി അർബൻ ഏരിയയിൽ നിശ്ചയിച്ച് നൽകിയിട്ടുള്ള അങ്കണവാടികൾ ലഭ്യമാകാത്ത പക്ഷം റൂറൽ ഏരിയയിലെ

അങ്കണവാടികൾ കൂടുതൽ കണ്ടെത്തി ഉൾപ്പെടുത്താവുന്നതാണ്. അതുപോലെ റൂറൽ ഏരിയയിൽ നിശ്ചയിച്ച് നൽകിയിട്ടുള്ള അങ്കണവാടികൾ ലഭ്യമാകാത്ത പക്ഷം അർബൻ ഏരിയയിലെ അങ്കണവാടികൾ അധികമായി കണ്ടെത്തി റിപ്പോർട്ടിൽ ഉൾപ്പെടുത്താവുന്നതാണ് എന്നും നിർദ്ദേശിച്ചു. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ)**

**റീ ഷിഫ്റ്റഡ് ക്രഷസ്**

12. കോട്ടയം ജില്ലയിൽ റീഷിഫ്റ്റ് ചെയ്യുന്നതിനായി വൈക്കം മുനിസിപ്പാലിറ്റിയിൽ കണ്ടെത്തിയ കെട്ടിടത്തിൽ ക്രഷ് ആരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കിയെങ്കിലും മുനിസിപ്പാലിറ്റിയിലെ ആഭ്യന്തര പ്രശ്നങ്ങൾ കാരണം ക്രഷിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നും കൂടാതെ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ശിശുക്ഷേമ സമിതിയുടെ ഭാഗത്ത് നിന്നുമുണ്ടാകുന്നില്ല എന്നും കോട്ടയം DWCDO അറിയിച്ചു. കളക്ടറേറ്റുമായി ബന്ധപ്പെട്ട് ടി ക്രഷ് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുവാനും ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനു കോട്ടയം DWCDO യ്ക്ക് നിർദ്ദേശം നൽകി. **(നടപടി : കോട്ടയം ജില്ലാ വനിത ശിശുവികസന ഓഫീസർ)**
13. തൃശ്ശൂർ ജില്ലയിൽ റീഷിഫ്റ്റ് ചെയ്തു പ്രവർത്തനം ആരംഭിച്ച ക്രഷുകളിലെ വിഷയങ്ങൾ സംബന്ധിച്ച് കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുമായി ബന്ധപ്പെട്ടു പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു അഡീഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തി. **(നടപടി : WEC സെക്ഷൻ,തൃശ്ശൂർ ജില്ലാ വനിത ശിശുവികസന ഓഫീസർ)**
14. മുൻ സാമ്പത്തിക വർഷം PFMS മുഖേനെ മാറിയ ഫണ്ടിന്റെ PPA വിശദാംശങ്ങൾ ഉൾപ്പെടെയുള്ള എക്സപെന്റിച്ചർ സ്റ്റേറ്റ്മെന്റ് കൊല്ലം, കോട്ടയം, ആലപ്പുഴ, വയനാട് ജില്ലകളിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് ഉടൻ തന്നെ സമർപ്പിക്കേണ്ടതാണ്. **( നടപടി : കൊല്ലം, കോട്ടയം, ആലപ്പുഴ, വയനാട് ജില്ലാ വനിത ശിശുവികസന ഓഫീസർ)**
15. Hub for empowerment of women സ്കീമിൽ ഉൾപ്പെട്ട ഡയറക്ടറേറ്റിലെ സ്റ്റാഫുകളുടെ Duty assign ചെയ്തുകൊണ്ടുള്ള വർക്ക് ഓർഡർ ഉടൻ തന്നെ പുറപ്പെടുവിക്കുന്നതാണ്. അതേ മാതൃകയിൽ ജില്ലാതലത്തിലും DWCDO മാർ വർക്ക് ഓർഡർ issue ചെയ്യേണ്ടതാണ്. പ്രസ്തുത ജീവനക്കാരുടെ പ്രവർത്തനം ജില്ലാ വനിത ശിശുവികസന ഓഫീസർമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലായിരിക്കണം. HUB ലേയ്ക്കുള്ള നിയമനവും ഓഫീസ് ആവശ്യങ്ങൾക്കായുള്ള സാധന സാമഗ്രികൾ വാങ്ങൽ നടപടികളും ഉടൻ പൂർത്തിയാക്കി എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും റിപ്പോർട്ട് ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ് . **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ)**

**പൊൻവാക്ക്**

13. പൊൻവാക്ക് സ്കീം കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കി ശിശുവിവാഹങ്ങൾ തടയണം. ആയതിലേക്ക് വിവരം കൈമാറുന്നവരിൽ അങ്കണവാടി വർക്കർ, ഹെൽപ്പർ, ആശാ വർക്കർ

എന്നിവർ ഉണ്ടെങ്കിൽ അവർക്കും incentive നൽകണമെന്നും നിർദേശം നൽകി. വിമൻ ഹെൽപ്പ് ലൈൻ നമ്പരായ 181 നും ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പരായ 1098 നും പൊതുജനങ്ങൾക്കിടയിൽ കൂടുതൽ പ്രചാരം നൽകണം**(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ)**

**പോഷ് പോർട്ടൽ**

14. വകുപ്പിൻ കീഴിലെ എല്ലാ ഓഫീസുകളും POSH പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. പോർട്ടലിലെ technical issues C-DIT മായി ബന്ധപ്പെട്ട ഉടൻ പരിഹരിക്കണമെന്നും ജില്ലാതല വിശദാംശങ്ങൾ നോക്കുന്നതിനായി പോർട്ടലിൽ പ്രത്യേക ഡാഷ് ബോർഡ് ഉൾപ്പെടുത്തുന്നതിനുള്ള കത്ത് നൽകണമെന്നും സെക്ഷന് നിർദേശം നൽകി. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ, WEC 5 സെക്ഷൻ )**

**സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ(SPC)**

15. നിലവിൽ SPC കൾ ഉള്ള ബ്ലോക്കുകളിൽ പുതിയ SPC കൾക്കായുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടതില്ല. ശരിയായ രീതിയിൽ പ്രവർത്തിക്കാത്ത SPC കൾ ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണ്. നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന SPC കൾക്ക് സമീപപ്രദേശത്തെ ബ്ലോക്കിന്റെ ചാർജ് കൂടി നൽകുവാൻ കഴിയുമോ എന്നത് സംബന്ധിച്ചും ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ)**

**മംഗല്യ, വിദ്യാഭ്യാസ ധനസഹായ പദ്ധതി, പടവുകൾ, അഭയകിരണം, സഹായഹസ്തം.**

16. മംഗല്യ, വിദ്യാഭ്യാസ ധനസഹായ പദ്ധതി, പടവുകൾ, അഭയകിരണം, സഹായഹസ്തം എന്നീ വ്യക്തിഗത ആനുകൂല്യ പദ്ധതികൾ കഴിഞ്ഞ 5 വർഷത്തെ വിശദാംശങ്ങൾ വെച്ച് താരതമ്യം ചെയ്ത് ചർച്ച ചെയ്യുകയും സ്കീമുകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും കൂടുതൽ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും ആവശ്യമായ IEC പ്രവർത്തനങ്ങൾ നടത്തണമെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് നിർദേശം നൽകി. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ)**

**ഷെൽറ്റർഹോം, എന്റെ കൂട്, വൺ ഡേ ഹോം, മഹിളാമന്ദിരം, ഷോർട്ട് സ്റ്റേ ഹോം, റസ്ക്യൂ ഹോം, ആഫ്റ്റർ കെയർ ഹോം**

17. വകുപ്പിന് കീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപനങ്ങളും അതാത് ജില്ലാ വനിതാ ശിശു വികസന

ഓഫീസർ മാരും WPO മാരും റഗുലർ വിസിറ്റ് നടത്തണമെന്ന് നിർദേശിച്ചു. എല്ലാ റീപാട്രിയേഷൻ നടപടികളും OSC മുഖേനെ മാത്രമേ ചെയ്യുവാൻ പാടുള്ളൂ എന്ന് നിർദേശിച്ചു. ഹോമുകളിൽ വൊക്കേഷണൽ പ്രവർത്തനങ്ങൾക്കായി NGOs ന്റെ സഹകരണം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ കുറച്ചു താമസക്കാർ ഉള്ള ഹോമുകളിൽ Individual rehabilitation Plan തയ്യാറാക്കി സമർപ്പിക്കേണ്ടതുമാണ്. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ,)**

18. ACH ൽ സൈക്കോളജിസ്റ്റ് നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് നിലവിൽ നൽകിയിട്ടുള്ള നിർദേശങ്ങളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/ സൈക്യാട്രിസ്റ്റിനെ നിയമിക്കണം എന്ന് പരാമർശിച്ചിരിക്കുന്നതിനാൽ നിയമനം നടത്തുന്നതിന് ബുദ്ധിമുട്ടാകുന്നു എന്ന് DWCDO മാർ അറിയിച്ചു. ആയത് ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/ സൈക്കോളജിസ്റ്റ്/സൈക്കാട്രിസ്റ്റ് എന്ന് ഭേദഗതി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു സെക്ഷന് നിർദേശം നൽകി. **(നടപടി: WEC 5 സെക്ഷൻ)**

<u>**ജാഗ്രത സമിതി**</u>

19. പ്രസ്തുത പദ്ധതി വിപുലീകരിക്കുകയും ജില്ലാ വനിത ശിശുവികസന ഓഫീസർമാർ പദ്ധതി പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കേണ്ടതുമാണ്. ഹോമുകളിൽ താമസിക്കുന്ന വനിതകളുടെ വ്യക്തിഗത വിഷയങ്ങൾ കണ്ടെത്തി ജാഗ്രത സമിതി മീറ്റിംഗിൽ ഉന്നയിച്ചു പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാ വനിത ശിശുവികസന ഓഫീസർമാരുടെ പ്രതിമാസ റിവ്യൂ മീറ്റിംഗിൽ ഈ വിഷയം ഉൾപ്പെടുത്തേണ്ടതാണ്. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ,)**

<u>Dowry Portal</u>

20. Dowry Portal സംബന്ധിച്ച് കൂടുതൽ പ്രചാരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിച്ചു **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ,)**

<u>**പ്ലാൻ സ്പെയ്സ് അവലോകനം**</u>

21. എല്ലാ ജില്ലകളിലും പദ്ധതി പുരോഗതി കൃത്യമായി പ്ലാൻ സ്പെയ്സിൽ രേഖപ്പെടുത്തേണ്ടാതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ കീഴ്ക്കാര്യലയങ്ങളിൽ പ്ലാൻ സ്പെയ്സ് അപ്ഡേഷൻ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്ലാൻ സ്പെയ്സുമായി ബന്ധപ്പെട്ടുള്ള technical issues ജില്ല പ്ലാനിംഗ് ഓഫീസുമായി ബന്ധപ്പെട്ട്

പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ,)**

<u>**കെട്ടിട നിർമ്മാണം**</u>

22. നിലവിൽ ഫണ്ട് ലഭ്യമായ നിർമ്മാണ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചു. നിലവിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചവയുടെ utilisation certificate, completion certificate എന്നിവ ലഭ്യമാക്കുന്നതിനും PWD യുടെ deposit work കളിൽ തിരിച്ചടയ്ക്കേണ്ട തുകകൾ അടിയന്തിരമായി തിരിച്ചടപ്പിച്ച് ചെല്ലാൻ പകർപ്പ് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകി. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ,)**

<u>**കെ-ഫോൺ, ഇ ഓഫീസ്**</u>

23. ചീഫ് സെക്രട്ടറിയുടെ റിവ്യൂ മീറ്റിംഗിലെ അജണ്ടയായ കെ-ഫോൺ കണക്ഷൻ എല്ലാ ഓഫീസുകളിലും പൂർത്തിയാക്കുന്നതിന് നിർദ്ദേശിച്ചു. വകുപ്പിന്റെ കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലും അടിയന്തിരമായി ഇ ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനും നിലവിൽ നടപ്പിലാക്കിയ കാര്യാലയങ്ങളിൽ എല്ലാ ഫയലുകളും ഇ ഓഫീസ് മുഖേന മാത്രം കൈകാര്യം ചെയ്യുന്നതിനും നിർദ്ദേശിച്ചു. കൂടാതെചീഫ് സെക്രട്ടറിയുടെ റിവ്യൂ മീറ്റിംഗിലെ അജണ്ടയായ inter office communication ഇ ഓഫീസ് മുഖേനയാക്കുന്നതിന് സർക്കുലർ പുറപ്പെടുവിക്കുന്നതിനും നിർദ്ദേശം നൽകി. **(നടപടി : ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ , IT Cell,)**

<u>**ഫണ്ട് അല്ലോട്ടുമെന്റ്**</u>

24. ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് അലോട്ട്മെന്റ് നൽകിയ തുകകൾ അടിയന്തിരമായി മാറി നൽകുന്നതിന് നിർദ്ദേശം നൽകി. അലോട്ട്മെന്റുകൾ നൽകുമ്പോൾ മൂന്നു മാസത്തേയ്ക്ക് വീതം മാത്രം നൽകിയാൽ നന്നായിരിക്കുമെന്ന് ജില്ലാ വനിത ശിശുവികസന ഓഫീസർമാർ അഭിപ്രായപ്പെട്ടു. **(നടപടി : ജില്ലാ വനിത ശിശുവികസന ഓഫീസർമാർ,)**

## <u>നിർഭയ, വനിതാ സംരക്ഷണ ഓഫീസർമാർ എന്നിവരുമായി റിവ്യൂ റിവ്യൂ നടത്തിയതിന്റെ നടപടിക്കുറിപ്പ്</u>

<u>DV Cases Via SPC & WPO</u>

25. WPO മാർ എല്ലാ മാസവും 5-ാം തിയ്യതിക്ക് മുൻപായി എസ്.പി.സി റിപ്പോർട്ട് വാങ്ങണം.

റിപ്പോർട്ട് ലഭിച്ചില്ല എങ്കിൽ പ്രസ്തുത വിവരം അതത് ജില്ലാ ഓഫീസർമാരെ അറിയിക്കേണ്ടതാണ്. 19 പുതിയ എസ്.പി.സി പ്രൊപ്പോസൽ വന്നിട്ടുണ്ട്. ഏതെങ്കിലും ബ്ലോക്കിൽ എസ്.പി.സി ഇല്ലയെങ്കിൽ അവിടെ ഇത്തരം പ്രപ്പോസൽ പരിഗണിക്കേണ്ടതാണ്. കാര്യക്ഷമതയില്ലാത്തവ പൂട്ടേണ്ടതും പകരം ഉണ്ടെങ്കിൽ നിർദ്ദേശിക്കേണ്ടതുമാണ്. **(നടപടി : വനിതാ സംരക്ഷണ ഓഫീസർമാർ )**

26. ഒ.എസ്.സി യിൽ മാനസികവൈകല്യമുള്ളവരെ പ്രവേശിപ്പിക്കാൻ പാടില്ല. അത്തരക്കാരെ പ്രവേശിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിന് കീഴിലുണ്ട്. രണ്ടോ മൂന്നോ സ്ഥാപനങ്ങളുടെ ലിസ്റ്റിനായി സാമൂഹ്യനീതി വകുപ്പിന് കത്തെഴുതാവുന്നതാണ്. **(നടപടി : വനിതാ സംരക്ഷണ ഓഫീസർമാർ )**

<u>Women Helpline District Readiness</u>

27. WHL ഡ്യൂട്ടിക്കായി ഐ .ടി സ്റ്റാഫിന്റെ കൂടി സഹായം ലഭ്യമാക്കാവുന്നതാണ്. **(നടപടി : വനിതാ സംരക്ഷണ ഓഫീസർമാർ )**

<u>One Stop centre</u>

28. ഒഎസ്.സി സ്റ്റാഫിന്റെ ഏറ്റവും കുറഞ്ഞ സേവനകാലം ഒരുമാസമോ 45 ദിവസം വരെ എങ്കിലും വേണം. അല്ലാത്തവർക്ക് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല. **(നടപടി : വനിതാ സംരക്ഷണ ഓഫീസർമാർ)**

29. OSC യിലെ സേവനം നിർത്തലാക്കുന്ന ജീവനക്കാർ ഒരു മാസം മുൻപെങ്കിലും നോട്ടീസ് നൽകേണ്ടതാണ്. പ്രസ്തുത ഉപാധി എഗ്രിമെന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. **(നടപടി : വനിതാ സംരക്ഷണ ഓഫീസർമാർ)**

**<u>ആശ്വാസനിധി</u>**

30. ആശ്വാസനിധി മീറ്റിംഗ് മാസത്തിൽ 2 തവണ കൂടണം. മാനസിക ആഘാതത്തിന് മുൻതൂക്കം നൽകുക. ആശ്വാസനിധി 04.09.2023 ലെ GO (Rt) No. 488/2023 സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം സമർപ്പിക്കേണ്ടതാണ്. **(നടപടി : ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ, വനിതാ സംരക്ഷണ ഓഫീസർമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ )**

**<u>കാവൽ പ്ലസ്</u>**

31. കാവൽ പ്ലസ് എല്ലാ DCPO മാരും കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്. **(നടപടി : ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ )**

**<u>പ്രിലിമിനറി അസസ്സ്മെന്റ്</u>**

32. POSCO CASE പ്രിലിമിനറി അസസ്സ് മെന്റിനായി സ്കൂൾ കൌൺസിലർമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. സ്കൂൾ കൌൺസിലർമാർ പ്രത്യേക ഫോർമാററിൽ റിപ്പോർട്ട് തയ്യാറാക്കി നൽകേണ്ടുന്നതുമാണ്. ഒരു കേസിന് 500/ രൂപ നിരക്കിൽ സ്കൂൾ കൌൺസിലർമാർക്ക് നൽകാവുന്നതാണ്. **(നടപടി : ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ )**

**<u>നിർഭയ സെല്ലിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങൾ</u>**

33. എൻട്ടി ഹോം, മോഡൽഹോം എന്നിവ സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവ് കൃത്യമായി പാലിക്കേണ്ടതാണ് (**നടപടി : ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ** )

**<u>ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുമായി റിവ്യൂ നടത്തിയതിന്റെ നടപടിക്കുറിപ്പ്</u>**

35. 2022-23 സാമ്പത്തിക വർഷം മിഷൻ വാത്സല്യ നോൺ റെക്കറിംഗ് തുക അനുവദിച്ച ജില്ലകൾ തുക വിനിയോഗിക്കാത്തതു സംബന്ധിച്ച വിശദീകരണം ഡയറക്ടർ ആവശ്യപ്പെടുകയും ആയതിനുള്ള തുക സമയബന്ധിതമായി വിനിയോഗിക്കുന്നതിനുള്ള നിർദേശങ്ങളും നൽകി. (**നടപടി: ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ** )

36. 2022-23 ൽ അനുവദിച്ച NON RECURING FUND (DCPU,CWC,JJB) ഇനത്തിൽ അർഹമായ ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ വിനിയോഗിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദേശിച്ചു. (**നടപടി: ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ** )

37. ഫോസ്റ്റർ കെയറിന് അനുവദിച്ച തുക വിനിയോഗിക്കുന്നതിന് കിൻഷിപ്പ് ഫോസ്റ്റർ കെയറിന് കണ്ടെത്തിയ കുട്ടികളിൽ നിന്നും മുൻഗണന അടിസ്ഥാനപ്പെടുത്തി കുട്ടികളെ കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദേശിച്ചു. ആയതിന് സർക്കുലർ നൽകുന്നതിന് SCPS പ്രോഗ്രാം മാനേജറെ ചുമതലപ്പെടുത്തി (**നടപടി: ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ, പ്രോഗ്രാം മാനേജർ ICPS** )

38. ആഫ്റ്റർ കെയർ, നോൺ ഇൻസ്റ്റിറ്റ്യൂഷൻ കെയർ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സർക്കുലർ നൽകുന്നതിന് നിർദേശിച്ചു. (**നടപടി: പ്രോഗ്രാം മാനേജർ ICPS** )

39. സ്വച്ഛതാ ആക്ഷൻ പ്ലാൻ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എല്ലാ ഡി സി പി ഒ മാർക്കും നിർദേശം നൽകി. (**നടപടി: ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ**)

40. കിൻഷിപ്പ് ഫോസ്റ്റർ കെയറിന് 2000/- രൂപ പുതുക്കി 4000/- രൂപ ആക്കുന്നതിന് പ്രൊപ്പോസൽ ഒരിക്കൽ കൂടി സർക്കാരിലേക്ക് നൽകുന്നതിന് പ്രോഗ്രാം മാനേജറിന് നിർദേശം നൽകി. (**നടപടി: പ്രോഗ്രാം മാനേജർ ICPS** )

41. REPATRIATION FUND നൽകുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ സർക്കുലർ പുറപ്പെടുവിപ്പിക്കുന്നതിന് നിർദേശിച്ചു. (**നടപടി: പ്രോഗ്രാം മാനേജർ ICPS** )

42. ഓർഫനേജ് ഗ്രാൻറ് നൽകുന്നതിന് പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ

ശിശു സംരക്ഷണ ഓഫീസർമാർക്കും നിർദേശം നൽകി. **(നടപടി: ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ)**

43. CHL ഫണ്ട് പ്രൊപ്പോസൽ സമർപ്പിക്കാത്ത കോട്ടയം, ഇടുക്കി,വയനാട് ജില്ലകൾ ഉടനെ പ്രൊപ്പോസൽ നൽകുന്നതിന് നിർദേശിച്ചു. **(നടപടി: ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ, കോട്ടയം, ഇടുക്കി,വയനാട്)**
44. തൃശ്ശൂർ ഗവ ചിൽഡ്രൻസ് ഹോമിന് അ ുവദിച്ച 20 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നിർദേശം നൽകി ( **നടപടി: ജില്ലാ ശിശു സംരക്ഷണ ഓഫീസർ, തൃശ്ശൂർ)**

**ജില്ലാതല പ്രോഗ്രാം ഓഫീസർമാരുമായി റിവ്യൂ നടത്തിയതിന്റെ നടപടിക്കുറിപ്പ്**

**അങ്കണവാടി കെട്ടിട വാടക**

44. അങ്കണവാടി വാടക ഇനത്തിൽ പ്രോഗ്രാം ഓഫീസർമാർ സമർപ്പിച്ച റിക്വസ്റ്റ് പ്രകാരം മാർച്ച് 2023 മുതൽ ഓഗസ്റ്റ് 2023 വരെയുള്ള വാടക മാറി നൽകിയിട്ടുണ്ട് .

    മാർച്ച് 2023 മുതൽ ഓഗസ്റ്റ് 2023 വരെ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം , 2023 സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള തുകയുടെ ഫണ്ട് റിക്വസ്റ്റ് യഥാസമയം ഹാജരാക്കുന്നതിനും , അതിനു ശേഷം മാത്രം തുക വിതരണം ചെയ്യുകയും ചെയ്യണമെന്നു ബഹു ഡയറക്ടർ നിർദ്ദേശിച്ചു . **(നടപടി – ജില്ലാതല പ്രോഗ്രാം ഓഫീസർമാർ , ICDS B5 സെക്ഷൻ )**

45. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ വാടക വർദ്ധിപ്പിച്ച സാഹചര്യത്തിൽ , പഴയ കെട്ടിടത്തിൽ തന്നെ തുടരുന്ന അങ്കണവാടികൾക്ക്, ടി കെട്ടിടത്തിൻറെ സൌകര്യങ്ങൾ വർദ്ധിപ്പിച്ചാൽ മാത്രമേ വാടക വർദ്ധിപ്പിച്ചു നൽകാവൂ എന്ന് നിർദ്ദേശിച്ചു . അല്ലെങ്കിൽ ടി വാടകയ്ക്ക് അനുശ്രിതമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറേണ്ടതാണ് . **(നടപടി – ജില്ലാതല പ്രോഗ്രാം ഓഫീസർമാർ )**
46. വാടക ധനവിനിയോഗം PPA പ്രകാരം റീകൺസിലിയെഷൻ നടത്തണം , ആയതിനു ജില്ലാ തല PO മാർ ICDS ഓഫീസുകളിൽ നിന്നും ലഭിക്കുന്ന PPA പരിശോധിച്ച് ആയതു ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ് (EXCEL ഫോർമാറ്റിൽ) സഹിതം 2022-2023 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ UC യും (UP TO DECEMBER), 2023 ജനുവരി , ഫെബ്രുവരി മാസങ്ങളിലേക്ക് അനുവദിച്ച തുകയുടെ UC യും ലഭ്യമാക്കേണ്ടതാണ്. **(നടപടി – ജില്ലാതല പ്രോഗ്രാം ഓഫീസർമാർ)**
47. ICDS ഓഫീസുകളിൽ നിന്നും ഫണ്ട് റിക്വസ്റ്റ് PO മാർ കളക്ട് ചെയ്തു DWCDO വഴി ലഭ്യമാക്കേണ്ടതാണ്. **(നടപടി – ജില്ലാതല പ്രോഗ്രാം ഓഫീസർമാർ)**

**<u>പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ്</u>**

48. 2022-23 വർഷത്തെ പ്രീസ്കൂൾ കിറ്റുകൾ പാലക്കാട്, മലപ്പുറം ജില്ലകൾ 2023 ഒക്ടോബർ മാസം 15 നകവും, മറ്റെല്ലാ ജില്ലകളും സെപ്റ്റംബർ മാസം 30 നകവും വിതരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. **(നടപടി. എല്ലാ സി.ഡി.പി.ഒ/ ജില്ലാതല പ്രോഗ്രാം ഓഫീസർമാർ)**
49. പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വിതരണത്തിന് കാലതാമസം വരുത്തുന്ന സ്ഥാപനങ്ങൾക്ക് സ്റ്റോർ പർച്ചേസ് മാനദണ്ഡ പ്രകാരം penalty ഈടാക്കുന്നതിന് സി.ഡി.പി.ഒ മാർക്ക് നിർദ്ദേശം നൽകുന്നതിന് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തി. **(നടപടി. ജില്ലാതല പ്രോഗ്രാം ഓഫീസർമാർ, സി.ഡി.പി.ഒ)**
50. ഓരോ ഘടകങ്ങൾക്കും അനുവദിക്കുന്ന തുകയുടെ വിനിയോഗം പ്രസ്തുത സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. **(നടപടി: ജില്ലാതല പ്രോഗ്രാം ഓഫീസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർ)**

**<u>മെഡിസിൻ കിറ്റ്</u>**

51. 2022-23 സാമ്പത്തിക വർഷത്തെ മെഡിസിൻ കിറ്റുകൾ 2 മാസത്തിനുള്ളിൽ ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ വിതരണം ചെയ്യുവാൻ കഴിയുമെന്ന് ഡയറക്ടർ അറിയിച്ചു.

**<u>അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ യൂണിഫോം</u>**

52. അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ യൂണിഫോം measurement അന്തിമമാണെന്നും ആയതിനാൽ എല്ലാ പ്രോഗ്രാം ഓഫീസർമാരും ഒരിക്കൽ കൂടി പ്രസ്തുത measurement പരിശോധിക്കണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി: ജില്ലാതല പ്രോഗ്രാം ഓഫീസർമാർ**)

<u>POL, Hire charge</u>

53. പ്രോഗ്രാം ഓഫീസ്, ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് 2023-24 സാമ്പത്തിക വർഷം POL charge, കരാർ വാഹന വാടക എന്നിവയ്ക്കായി അനുവദിച്ച തുക അടിയന്തിരമായി വിനിയോഗിക്കുന്നതിന് ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി. സി.ഡി.പി.ഒ, പ്രോഗ്രാം ഓഫീസർമാർ)**
54. പ്രോഗ്രാം ഓഫീസ്, ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് ഓരോ ക്വാർട്ടറിലും POL charge, കരാർ വാഹന വാടക എന്നിവയ്ക്കായി ആവശ്യമുള്ള തുക പ്രോഗ്രാം ഓഫീസർമാർ മുഖേന ശേഖരിച്ച് ജില്ലാ വനിത ശിശുവികസന ഓഫീസർമാർ സമർപ്പിക്കേണ്ടതാണെന്ന് ബഹു. ഡയറക്ടർ നിർദ്ദേശിച്ചു. 2023-24 വർഷം രണ്ട് ക്വാർട്ടറുകളിലും POL, Hire charge എന്നിവയ്ക്കായി അനുവദിച്ച തുകകളുടെ PPA, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ അടിസ്ഥാനമാക്കിയുള്ള യു.സി സമർപ്പിക്കേണ്ടതാണ്**(നടപടി: ജില്ലാതല പ്രോഗ്രാം ഓഫീസർമാർ)**

<u>അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്</u>

55. അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം കീഴ്ക്കാര്യാലയങ്ങൾ വിനിയോഗിച്ച തുക ജില്ലാതലത്തിൽ റികൺസിലിയേഷൻ ചെയ്യേണ്ടതാണെന്നും, ടി തുകയും PFMS ലെ 2023 മാർച്ച് 31 ലെ ബാലൻസ് തുകയും തുല്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണെന്നും അറിയിച്ചു. മുൻ വർഷം അനുവദിച്ച തുക നടപ്പ വർഷം ഉപയോഗിക്കുന്നുവെങ്കിൽ ആയത് specify ചെയ്ത് രേഖപ്പെടുത്തണം. അപ്രകാരം റികൺസിലിയേഷൻ നടത്തിയില്ലെങ്കിൽ duplication വരുന്നതാണെന്നും Total expenditure ഉം PFMS Expenditure ഉം match ആയിരിക്കണമെന്നും റികൺസിലിയേഷൻ നടപടികൾ ഒക്ടോബർ 15 നകം പൂർത്തീകരിക്കേണ്ടതാണെന്നും ബഹു. ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി. ജില്ലാ വനിത ശിശുവികസന ഓഫീസർ, ജില്ലാതല പ്രോഗ്രാം ഓഫീസർമാർ, സി.ഡി.പി.ഒ)**
56. ഡയറക്ടറേറ്റ് തലത്തിൽ 2022-23 സാമ്പത്തിക വർഷത്തെ അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയ്ക്ക് PFMS മുഖേന മാറിയ തുകകളുടെ റികൺസിലിയേഷൻ നടത്തുന്നതിനായി JSI ശ്രീമതി.റാണി.എസ് നെ ചുമതലപ്പെടുത്തി. ജില്ലാ തലത്തിൽ റികൺസിലിയേഷൻ നടപടികൾ ക്രോഡീകരിക്കേണ്ടതാണ്. **(നടപടി.ശ്രീമതി.റാണി.എസ്, JSI, ICDS A section)**

<u>അങ്കണവാടി മെയിന്റനൻസ് 2022-2023</u>

57. എല്ലാ പ്രോഗ്രാം ഓഫീസർമാരും ധനവിനിയോഗ സാക്ഷ്യപത്രം സെപ്റ്റംബർ മാസം 30 നു മുന്നേ നൽകേണ്ടതാണ്. **(നടപടി – ജില്ലാതല പ്രോഗ്രാം ഓഫീസർമാർ**)
58. MAINTENANCE നടത്തുന്നതിനായി തെരഞ്ഞെടുത്ത അങ്കണവാടി സെൻറർ മാറ്റി നൽകേണ്ടുന്ന പക്ഷം പ്രോഗ്രാം ഓഫീസർമാർ മാറ്റി നൽകേണ്ടതാണ് . **(നടപടി – ജില്ലാതല പ്രോഗ്രാം ഓഫീസർമാർ**)
59. <u>അങ്കണവാടി മെയിന്റനൻസ് 2023-2024</u>
60. MAINTENANCE 2023-2024 നായി തിരഞ്ഞടുത്ത അങ്കണവാടി കേന്ദ്രങ്ങളുടെ ലിസ്റ്റ് EXECEL ഫോർമാറ്റിൽ സെപ്റ്റംബർ മാസം 30 നു മുന്നേ ലഭ്യമാക്കേണ്ടതാണ് . **(നടപടി – ജില്ലാതല പ്രോഗ്രാം ഓഫീസർമാർ**)
61. MAINTENANCE നായി തിരഞ്ഞെടുക്കുന്ന അങ്കണവാടി കെട്ടിടങ്ങൾ സ്വന്തം കെട്ടിടത്തിൽ ഉള്ളവ ലഭ്യമാകാത്ത സാഹചര്യത്തിൽ വാടക കെട്ടിടങ്ങളിൽ പ്രവര്ത്തിക്കുന്നവയെ കൂടി പരിഗണിക്കാവുന്നതാണ് . **(നടപടി – ജില്ലാതല പ്രോഗ്രാം ഓഫീസർമാർ**)
62. കഴിഞ്ഞ വർഷം തിരഞ്ഞടുത്ത അങ്കണവാടി കേന്ദ്രങ്ങള് കഴിവതും ഒഴിവാക്കേണ്ടതാണ് . **(നടപടി – ജില്ലാതല പ്രോഗ്രാം ഓഫീസർമാർ**)

<u>Supplimentary Nutrition Programme</u>

a. <u>SOE & UC</u>

63. 2022-23 SNP അവസാന installment ആഗസ്റ്റ് മാസം CDPO മാർക്ക് ലഭ്യമാക്കിയിരുന്നു. ആയതിന്റെ UC/SOE ഒരാഴ്ചയ്ക്കുള്ളിൽ PPA പ്രകാരം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി. **(നടപടി :- എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാരും )**
64. ഡയറക്ടറേറ്റ് തലത്തിൽ 2022-23 സാമ്പത്തിക വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് PFMS മുഖേന മാറിയ തുകകളുടെ റികൺസിലിയേഷൻ നടത്തുന്നതിനായി ബന്ധപ്പെട്ട സെക്ഷനെ സഹായിക്കുന്നതിനായി JSI ശ്രീമതി.ഗായത്രിയെ ചുമതലപ്പെടുത്തി. **(നടപടി : ICDS B3, ശ്രീമതി. ഗായത്രി, JSI)**

b. <u>QPR analysis</u>

65. 6 മാസം മുതൽ 6 വയസ് വരെയുള്ള വിഭാഗത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ചുള്ള 2022-23 സാമ്പത്തിക വർഷത്തെ വിവിധ ക്വാർട്ടറുകൾ 2023-24 സാമ്പത്തിക വർഷത്തെ ആദ്യ ക്വാർട്ടർ എന്നീ ഡാറ്റ അടിസ്ഥാനമാക്കി ജില്ലാതല QPR analysis ചെയ്തു.
66. അടുത്തടുത്ത ക്വാർട്ടറുകളിൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ കാണുന്ന ഏറ്റക്കുറച്ചിലുകൾ , വിവിധ ക്വാർട്ടറുകളിലെ ഗുണഭോക്താക്കളുടെ എണ്ണം, ചില ICDSകളിൽ എല്ലാ പഞ്ചായത്തുകളിലും ഒരേ പോലെ റിപ്പോർട്ട് ചെയ്യുക, 2022-23 വർഷം നാലാം ക്വാർട്ടറിലെയും 2023-24 വർഷം ആദ്യ ക്വാർട്ടറിലെയും ഗുണഭോക്താക്കളുടെ എണ്ണം നാലിരട്ടിയിൽ കൂടുതലായി റിപ്പോർട്ട് ചെയ്യുക , ചില ICDS പ്രോജക്ടുകളിൽ ഒരു ക്വാർട്ടറിലെ ഗുണഭോക്താക്കളുടെ എണ്ണം ഒറ്റക്ക നമ്പരായി റിപ്പോർട്ട് ചെയ്യുക എന്നീ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുകയും ആയതിനുള്ള വിശദീകരണം ചോദിക്കുകയും ചെയ്തു. കൊല്ലം ജില്ലയിൽ ഗുണഭോക്താക്കളുടെ എണ്ണം റിപ്പോർട്ട് ചെയ്തതിൽ categoryമാറിപ്പോയതാണെന്ന് പ്രോഗ്രാം ഓഫീസർ അറിയിച്ചു. എറണാകുളം ജില്ലയിൽ 2022-23 രണ്ടാം ക്വാർട്ടർ QPR beneficiaries ന്റെ എണ്ണം ക്രമാതീതമായി വർദ്ധനവ് വന്ന സാഹചര്യം സംബന്ധിച്ച് പ്രോഗാം ഓഫീസറിൽ നിന്നും വിശദീകരണം വാങ്ങുന്നതിന് ബഹു. ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി : ICDS B3 സെക്ഷൻ & ജില്ലാതല പ്രോഗ്രാം ഓഫീസർ എറണാകുളം )**
67. എല്ലാ ജില്ലാ തല പ്രോഗ്രാം ഓഫീസർമാരോടും QPR analysis കൃത്യമായി നടത്തണമെന്ന് ബഹു. ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി :എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാരും )**

**<u>സ്കീം ഫോർ അഡോളസന്റ് ഗേൾസ്</u>**

68. സ്കീം ഫോർ അഡോളസെന്റ് പദ്ധതിയുടെ ഭാഗമായി 2022-23 അവസാന ക്വാർട്ടർ, 2023-24 first Quarter എന്നിവയുടെ UC&SOE അടിയന്തിരമായി കേന്ദ്രസർക്കാരിൽ സമർപ്പിക്കുന്നതിന് ബഹു . ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി :- A5 സെക്ഷൻ)**
69. സാഗ് പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷത്തെ 3,4 ക്വാർട്ടറിലെ റിലീസായി

കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ച വന്ന തുക 23.03 ലക്ഷം രൂപ കേന്ദ്ര വിഹിതം SNA അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് . പദ്ധതിയ്ക്ക് ടി തുക ഉൾപ്പെടെ 2023-24 രണ്ടാം ക്വാർട്ടറിലേയ്ക്ക് തുക അനുവദിക്കുന്നതിനു നടപടി സ്വീകരിക്കാൻ ബഹു. ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി :- A5 സെക്ഷൻ)**

70. പദ്ധതിയുടെ നോൺ ന്യൂട്രിഷ്യൻ കമ്പോണന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി vocational training, leadership, Personality എന്നിവയ്ക്കുള്ള ട്രെയിനിംഗ് ജില്ലയിലെ HUB സ്റ്റാഫിനെ ഉപയോഗിച്ച് നടപ്പിലാക്കേണ്ടതാണെന്നു ബഹു . ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി :- ജില്ലാതല പ്രോഗ്രാം ഓഫീസർ,വയനാട് )**
71. സർക്കാർ നിർദ്ദേശം അനുസരിച്ച് SAG പദ്ധതിക്കായി LSGD ൽ പ്രോജെക്റ്റ് വെക്കണമെന്നു നിർദ്ദേശം ഡയറക്ടർ നല്കി. **(നടപടി :- ജില്ലാതല പ്രോഗ്രാം ഓഫീസർ,വയനാട്)**

<u>MPR</u>

72. എല്ലാ മാസവും 10 തീയതിക്ക് മുൻപ് തന്നെ MPR നല്കേണ്ടതാനെന്നും ആയതിലെ വിവരങ്ങൾ പ്രോഗ്രാം ഓഫീസിര്മാർ പരിശോധിച്ച കൃത്യത വരുത്തേണ്ടതാന്നെന്നും യോഗത്തിൽ ഡയറക്ടർ അറിയിച്ചു . **(നടപടി :- ജില്ലാതല പ്രോഗ്രാം ഓഫീസർമാർ )**

**<u>സക്ഷം അങ്കണവാടി അപ്ഗ്രഡേഷൻ</u>**

73. 2022-23 സാമ്പത്തിക വർഷം സക്ഷം പദ്ധതി പ്രകാരം നവീകരണാനുമതി നൽകിയിരുന്ന 250 അങ്കണവാടികളിൽ നവീകരണം പൂർത്തീകരിക്കാത്ത 44 അങ്കണവാടികൾക്ക് 2023-24 സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നു. ഇതിൽ 41 അങ്കണവാടികളുടെ നവീകരണം പൂർത്തീകരിച്ചതായി വയനാട് പ്രോഗ്രാം ആഫീസർ റിപ്പോർട്ട് ചെയ്തു. 3 അങ്കണവാടികൾക്ക് WIFI കണക്ഷൻ സ്ഥാപിക്കുവാനവശേഷിക്കുന്നതായി പ്രോഗ്രാം ആഫീസർ അറിയിച്ചു. BSNL അധികൃതരുമായി ബന്ധപ്പെട്ട് പ്രസ്തുത നടപടി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും 2023-24 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ യുസി/ SOE ലഭ്യമാക്കുന്നതിനും ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി- വയനാട് പ്രോഗ്രാം ആഫീസർ)**

**<u>ചായം അങ്കണവാടി അപ്ഗ്രഡേഷൻ</u>**

74. 2022-23 സാമ്പത്തിക വർഷം ചായം പദ്ധതി പ്രകാരം നവീകരണാനുമതി നൽകിയ 60 അങ്കണവാടികളിൽ നവീകരണം പൂർത്തീകരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടുള്ള 39 അങ്കണവാടികളുടെ നവീകരണം സെപ്റ്റംബർ 30 നകം പൂർത്തീകരിക്കണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു . **(നടപടി- ജില്ലാതല പ്രോഗ്രാം ആഫീസർമാർ )**

**<u>സ്പെഷ്യൽ അങ്കണവാടി</u>**

75. ടെൻഡർ നടപടി പൂർത്തീകരിച്ച വർക്കുകൾ 2023 ഒക്ടോബർ 30 ന മുൻപ് നിർമ്മാണം

പൂർത്തീകരിക്കേണ്ടതാണ്. റീ ടെൻഡർ നടത്തിയിട്ടും വർക്ക് ഏറ്റെടുക്കാൻ ആരും തയ്യാറാകുന്നില്ല എങ്കിൽ പ്രസ്തുത വർക്ക് കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര മുഖേന ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (**നടപടി – ജില്ലാതല പ്രോഗ്രാം ആഫീസർമാർ, കൊല്ലം, ഇടുക്കി, പാലക്കാട്, വയനാട് & ബന്ധപ്പെട്ട CDPO മാരും** )

<u>**MGNREGS അങ്കണവാടി കെട്ടിടനിർമ്മാണം**</u>

76. MGNREGS പദ്ധതി പ്രകാരം കെട്ടിടനിർമ്മാണാനുമതി നൽകിയിട്ടുള്ള 712 അങ്കവാടികളുടെ നിർമ്മാണപുരോഗതി വിലയിരുത്തി. അങ്കണവാടികളുടെ നിർമ്മാണപുരോഗതി സംബന്ധിച്ച് പ്രോഗ്രാം ആഫീസർ/MGNREGS പ്രോഗ്രാം കോർഡിനേറ്റർ എന്നിവർ സംയുക്തമായി ചേർന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 17/06/2023 തീയതിയിൽ ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ പിശകുള്ളതിനാൽ 14/09/2023 ന് പുതുക്കിയ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്ന് തിരുവനന്തപുരം പ്രോഗ്രാം ആഫീസർ അറിയിച്ചു. ടി റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതും വകുപ്പിൽ നിന്നും നിർമ്മാണാനുമതി നൽകിയിട്ടില്ലാത്ത അങ്കണവാടികൾക്ക് നിർമ്മാണാനുമതി നല്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പ്രോഗ്രാം ആഫീസർക്ക് ബഹു.ഡയറക്ടർ നിർദ്ദേശം നൽകി. MGNREGS പദ്ധതി പ്രകാരം വകുപ്പ് വിഹിതം ഉപയോഗിച്ചുവെന്ന് ഉറപ്പ് വരുത്തണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി.- ജില്ലാതല പ്രോഗ്രാം ആഫീസർ, തിരുവവന്തപുരം)**

77. നിർമ്മാണാനുമതി റദ്ദ് ചെയ്യുന്നതിനായി പ്രോഗ്രാം ആഫീസർമാർ ശുപാർശ ചെയ്തിട്ടുള്ള 60 അങ്കണവാടികൾ റദ്ദ് ചെയ്യും ടി 60 അങ്കണവാടികൾക്കും പദ്ധതി പ്രകാരം റദ്ദ് ചെയ്തിട്ടുള്ള 8 അങ്കണവാടികൾക്കും പകരമായി 68 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകിക്കൊണ്ടുള്ള നടപടിക്രമത്തിൽ തിരുവനന്തപുരം പ്രോഗ്രാം ആഫീസറിൽ നിന്നും ലഭ്യമാകുന്ന പ്രൊപ്പോസൽ കൂടി ഉൾപ്പെടുത്തി നടപടിക്രമം പുനർസമർപ്പിക്കുവാൻ ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി- ICDS A7, ജില്ലാതല പ്രോഗ്രാം ആഫീസർ, തിരുവനന്തപുരം)**

<u>PMMVY</u>

78. രജിസ്ട്രേഷൻ നടപടി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുകയും നിലവിലെ ഇഷ്യൂസ് സ്റ്റേറ്റ് cell മായി ബന്ധപ്പെട്ട് പരിഹരിക്കാനും നിർദ്ദേശം നൽകി. സെപ്റ്റംബർ 30 ന് മുൻപ് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി (**നടപടി** : **എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാരും)**

## <u>പോഷൻ അഭിയാൻ</u>

79. ജില്ലകളിലെ നിയമന നടപടി പൂർത്തിയാക്കാത്ത ജില്ലകൾക്ക് കർശന താക്കീത് നൽകി. നിയമനം നടപടി പൂർത്തിയാക്കിയ ലിസ്റ്റ് ഡയറക്ടറേറ്റിൽ അയച്ചത് approve ചെയ്യാനുള്ള

നടപടി സ്വീകരിക്കാൻ SPMU ജീവനക്കാരോട് ആവശ്യപ്പെട്ടു. **(നടപടി : NNM സെക്ഷൻ )**

80. ജില്ലകളിലേക്കുള്ള നിയമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാകുന്നില്ലായെങ്കിൽ open notification നടത്തി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.**( നടപടി : എല്ലാ ജില്ല വനിതാ ശിശു വികസന ഓഫീസർമാരും , ജില്ലാതല പ്രോഗ്രാം ഓഫീസർമാരും**)

81. ജില്ലകളിൽ പോഷൻ മാ എൻട്രി വളരെ മോശം ആയി തന്നെ തുടരുന്ന സാഹചര്യം ആണ് ഉള്ളത്. SAM / MAM കുട്ടികളുടെ എണ്ണം അങ്കണവാടി തലത്തിൽ പരിശോധിച്ച് ഒരാഴ്ചയ്ക്കുള്ളിൽ കൃത്യമാക്കുക. CBE പോഷൻ ട്രാക്കറിൽ എൻട്രി വരാതെ തുക അനുവദിക്കാൻ സാധിക്കില്ല. ആഴ്ചയിൽ റിവ്യൂ നടത്തേണ്ടതാണ് എന്ന് നിർദ്ദേശം നൽകി**(നടപടി :എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാരും )**

**<u>അതിദാരിദ്ര്യ സർവ്വേ</u>**

82. അതിദരിദ്രരുടെ ഹോം വിസിറ്റ് നടത്തി വനിതാ ശിശു വികസന വകുപ്പിന്റെയോ സാമൂഹ്യ നീതി വകുപ്പിന്റെയോ സേവനം ആവശ്യമുണ്ടോയെന്ന് ഉറപ്പ് വരുത്തണം. കൂടാതെ ഹോം വിസിറ്റ് ന്റെ എണ്ണം വർധിപ്പിക്കണം **(നടപടി :എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാരും )**

**<u>അങ്കണവാടി സന്ദർശനം</u>**

83. പ്രോഗ്രാം ഓഫീസര്മാരുടെ 2023 ആഗസ്റ്റ് മാസത്തെ പ്രവർത്തന റിപ്പോർട്ട് പരിശോധിച്ചതിൽ പല പ്രോഗ്രാം ഓഫീസർമാരും വകുപ്പിൽ നിന്നും നൽകിയിട്ടുള്ള നിർദേശം അനുസരിച്ച് അങ്കണവാടികളും ICDS ഓഫീസുകളും സന്ദർശിക്കുന്നില്ലായെന്നു ബോധ്യപ്പെട്ടു. വാഹനത്തിന്റെ അഭാവം പ്രോഗ്രാം ഓഫീസർമാർ അറിയിച്ചു അങ്കണവാടി പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി എല്ലാ മാസവും 10 തീയതിക്ക് മുമ്പായി ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കുവാനും എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം ഡയറക്ടർ നല്കി . **(നടപടി :- ജില്ലാതല പ്രോഗ്രാം ഓഫീസർമാർ )**

**<u>ആദ്യ 1000 ദിന പദ്ധതി</u>**

84. ആദ്യ 1000 ദിന പരിപാടിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന തെറാപ്യൂട്ടിക് ഫുഡ് തയ്യാറാക്കുന്നതിനുള്ള ഗോതമ്പ് കേന്ദ്രസർക്കാരിൽ നിന്നും WBNP യ്ക്കുള്ള ഗോതമ്പിൽ നിന്നും കണ്ടെത്തുന്നതായി പ്രോഗ്രാം ഓഫീസർമാർ റിപ്പോർട്ട് ചെയ്തു. WBNP യ്ക്കുള്ള ഗോതമ്പിൽ മറ്റ് ആവിശ്യങ്ങൾക്ക് വേണ്ടി വിനയോഗിക്കാൻ പാടില്ല എന്ന് കുടുംബശ്രീ DMC, ജില്ല മിഷൻ coordinator എന്നിവരെ അറിയിക്കാൻ ബഹു . ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി :- ICDS A5 സെക്ഷൻ)**

85. ആദ്യ 1000 ദിന പരിപാടിയുടെ ഭാഗമായി 2023-24 ൽ പദ്ധതി നടപ്പിലാക്കുന്ന 57 പ്രോജക്ടുകളിലെയും സിഡിപിഒ, സൂപ്പർവൈസർമാർക്ക് നൽകേണ്ട ട്രെയിനിംഗ് പുതിയ

സൂപ്പർവൈസർമാർക്കുള്ള നിയമനം കൂടി നടന്നശേഷം സംഘടിപ്പിക്കുന്നതിനു ബഹു . ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി :- സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ 1 )**

**<u>അങ്കണവാടി വൈദ്യുതീകരണം</u>**

86. ജില്ലകളിലെ വൈദ്യുതീകരണ പുരോഗതി യോഗം വിലയിരുത്തി. വൈദ്യുതീകരണം അവശേഷിക്കുന്ന 40 അങ്കണവാടികളിൽ വൈദ്യുതീകരണം സാധ്യമാകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്നു ഡയറക്ടർ അറിയിച്ചു .
87. വൈദ്യുതീകരണം അവശേഷിക്കുന്ന ഇടുക്കി ജില്ലയിലെ അങ്കണവാടികൾ സെപ്റ്റംബർ മാസവും പാലക്കാട് ,മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ ഒക്ടോബർ മാസവും വൈദ്യുതീകരണം സമയബന്ധിതമായി പൂർത്തികരിക്കേണ്ടതാണെന്നും ഡയറക്ടർ അറിയിച്ചു . **(നടപടി :- ജില്ലാതല പ്രോഗ്രാം ഓഫീസർമാർ - ഇടുക്കി,പാലക്കാട് ,മലപ്പുറം, കാസർഗോഡ് )**
88. വൈദ്യുതീകരണം സാധ്യമാകാത്ത അങ്കണവാടികളിൽ സോളാർ സംവിധാനം ഏർപ്പെടുത്തി വൈദ്യുതീകരണം എത്രയും വേഗത്തിൽ പൂർത്തിയാക്കേണ്ടതാണ് എന്ന് കണ്ണൂർ പ്രോഗ്രാം ഓഫീസർക്ക് നിർദ്ദേശം നൽകി . **(നടപടി :- ജില്ലാതല പ്രോഗ്രാം ഓഫീസർ -കണ്ണൂർ)**

**<u>അങ്കണവാടി നവീകരണം</u>**

89. 2022-23 സാമ്പത്തിക വർഷം നവീകരണാനുമതി നൽകിയിട്ടുള്ള 126 അങ്കണവാടികളുടെ നവീകരണം 2023 ഒക്ടോബർ 31 നകം പൂർത്തീകരിക്കണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു. നടപ്പ് സാമ്പത്തിക വർഷം 2 ലക്ഷം രൂപ വരെ നിരക്കിൽ നവീകരണാനുമതി നൽകിയിട്ടുള്ള 27 അങ്കണവാടികളുടെ നവീകരണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഡയറക്ടർ നിർദ്ദേശിച്ചു . **(നടപടി- ജില്ലാതല പ്രോഗ്രാം ആഫീസർമാർ)**
90. നടപ്പ് സാമ്പത്തിക വർഷം നവീകരണത്തിനായി ഇടുക്കി ജില്ലയിൽ നിന്നും പ്രൊപ്പോസൽ (7 എണ്ണം) ലഭ്യമാകാത്തിനാൽ അടിയന്തിരമായി പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഡയറക്ടർ നിർദ്ദേശിച്ചു . **(നടപടി- ജില്ലാതല പ്രോഗ്രാം ആഫീസർ,ഇടുക്കി)**

**<u>പോഷകബാല്യം</u>**

91. കഴിഞ്ഞ സാമ്പത്തിക വർഷത്തെ UC/SoE ലഭ്യമാക്കിയിട്ടില്ലാത്ത ജില്ലകൾ ഒരാഴ്ച്ചയ്ക്കുള്ളിൽ UC ലഭ്യമാക്കേണ്ടതാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ ആഗസ്റ്റ് മാസം വരെയുള്ള UC/SOE ലഭ്യമാക്കാത്തവർ ഒരഴ്ച്ചയ്ക്കുള്ളിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു. **(നടപടി : എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാരും )**
92. സെപ്റ്റംബർ ഒക്ടോബർ നവംബർ മാസങ്ങളിൽ പദ്ധതിയ്ക്കാവശ്യമായ ഫണ്ട് requirement സമർപ്പിക്കാത്ത ജില്ലകൾ requirement ഉടനടി സമർപ്പിക്കേണ്ടതാണ് **(നടപടി : ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ )**

**<u>ശിശു സൗഹൃദ ടോയലറ്റ് നിർമ്മാണം 2022-2023</u>**

93. എല്ലാ പ്രോഗ്രാം ഓഫീസര് മാരും ധനവിനിയോഗ സാക്ഷ്യപത്രം സെപ്റ്റംബർ മാസം 30 നു മുന്നേ നൽകേണ്ടതാണ് . (നടപടി – പ്രോഗ്രാം ഓഫീസർമാർ )

**ശിശു സൗഹൃദ ടോയലറ്റ് നിർമ്മാണം 2023-2024.**

94. 2023 നവംബർ മാസം 30 തീയതിക്കുള്ളിൽ പണി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ് . (നടപടി – പ്രോഗ്രാം ഓഫീസർമാർ)
95. BFT നിർമ്മിക്കുന്നതിനായി തിരെഞ്ഞടുത്ത അങ്കണവാടി സെൻറർ മാറ്റിനൽകേണ്ടുന്ന പക്ഷം പ്രോഗരം ഓഫീസർമാർ മാറ്റി നൽകേണ്ടതും സാധൂകരണത്തിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ് . (നടപടി – പ്രോഗ്രാം ഓഫീസർമാർ)

**അങ്കണവാടി റിഫ്രഷർ പരിശീലനം**

**വർക്കർ ട്രെയിനിംഗ്**

96. ട്രെയിനിംഗ് പൂർത്തിയാക്കി ബിൽ സമർപ്പിച്ച് എക്സ്പെന്ഡിച്ചർ വരുത്തിയിട്ടുള്ള തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, വയനാട് എന്നീ ജില്ലകൾ അടിയന്തിരമായി യു.സി സമർപ്പിയ്ക്കേണ്ടതാണ്. (**നടപടി – ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ)**
97. മറ്റ് ജില്ലകൾ എത്രയും വേഗം ട്രെയിനിംഗുകൾ പൂർത്തിയാക്കി എക്സ്പെന്ഡിച്ചർ വരുത്തിയ ശേഷം യു,സി.സമർപ്പിയ്ക്കേണ്ടതാണ്. (**നടപടി – ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ)**

**ഹെൽപ്പർ ട്രെയിനിംഗ്**

98. തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട് എന്നീ ജില്ലകൾ ഒഴികെയുള്ള ജില്ലകൾക്ക് റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ പത്തനംതിട്ട ജില്ലയിൽ നിന്ന് യു.സി. ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം, മലപ്പുറം ജില്ലകൾ ട്രെയിനിംഗ് പൂർത്തീകരിച്ച് എക്സ്പെൻഡിച്ചർ വരുത്തിയിട്ടുണ്ടെങ്കിലും യു.സി, സമർപ്പിച്ചിട്ടില്ല. ടി ജില്ലകൾ എത്രയും വേഗം യു.സി. ലഭ്യമാക്കേണ്ടതാണ്. (**നടപടി – ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ)**
99. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം,ഇടുക്കി, കണ്ണൂർ എന്നീ ജില്ലകൾ അടിയന്തിരമായി ട്രെയിനിംഗുകൾ പൂർത്തീകരിച്ച് യു.സി സമർപ്പിയ്ക്കേണ്ടതാണ്.

**അങ്കണവാടി ഫിറ്റ്നസ്**

100. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത അങ്കണവാടികൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം (**നടപടി - ബന്ധപ്പെട്ടപ്രോഗ്രാം ഓഫീസർമാർ)**

101. ആസ്ബറ്റോസ് ഷീറ്റ് പരമാവധി ഒഴിവാക്കാൻ നോക്കേണ്ടതാണ്. മരങ്ങളുടെ ശിഖരങ്ങൾ നിൽക്കുന്നത് ഫിറ്റ്നസിനെ ബാധിക്കുന്നെങ്കിൽ ആയത് വെട്ടിമാറ്റി ഫിറ്റ്നസ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം (**നടപടി - ബന്ധപ്പെട്ടപ്രോഗ്രാം ഓഫീസർമാർ)**

**<u>അങ്കണവാടി ഗ്രേഡിംഗ്</u>**

102. അങ്കണവാടികളുടെ സേവന ഗുണ നിലവാരത്തിന്റെ അടിസ്ഥാനത്തില് ഗ്രേഡിംഗ് നടത്തി ഡി ഗ്രേഡ് അങ്കണവാടികൾ പൂർണ്ണമായും ഇല്ലാതാക്കുകയും സി ഗ്രേഡിലുള്ള അങ്കണവാടികൾ 50% എ/ബി ഗ്രേഡിലേയ്ക്ക് ഉയർത്തേണ്ടതാണെന്നു ബഹു.ഡയറക്ടർ നിർദേശിച്ചു. **(നടപടി :എല്ലാ പ്രോഗ്രാം ഓഫീസർമാർ )**

103. എറണാകുളം ,കാസർഗോഡ് ജില്ലകളിലെ ഡി ഗ്രേഡിൽ ഉൾപ്പെട്ടിട്ടുള്ള അങ്കണവാടികളെ പൂർണ്ണമായും അപ്ഗ്രേഡ് ചെയ്യേണ്ടതാണ്. **(നടപടി :എറണാകുളം,കാസർഗോഡ് പ്രോഗ്രാം ഓഫീസർ )**

104. 33115 അങ്കണവാടികളും സംസ്ഥാനത്ത് തുറന്ന് പ്രവർത്തിക്കേണ്ടതാണെന്നും ഒരു അങ്കണവാടി പോലും അടച്ചിടാൻ പാടില്ല എന്നും ബഹു.ഡയറക്ടർ നിർദ്ദേശിച്ചു. (**നടപടി :എല്ലാ പ്രോഗ്രാം ഓഫീസർമാർ )**

**<u>ബഹു . മുഖ്യമന്ത്രിയുടെ മുൻഗണന പദ്ധതികൾ</u>**

**<u>സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം</u>**

105. 2023-24 സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ലഭ്യമായ സ്ഥലത്തിന് അനുസരിച്ചുള്ള PRICE software ലെ എസ്റ്റിമാറ്റ് (DSR 2018) ലഭ്യമാക്കാത്ത ജില്ലകൾ എത്രയും വേഗം ആയത് ലഭ്യമാക്കേണ്ടതാണ് **(നടപടി :ബന്ധപ്പെട്ട ജില്ലാതല പ്രോഗ്രാം ഓഫീസർമാരും )**

106. ഭരണാനുമതി ലഭ്യമായതിൽ നാളിതുവരെയും TS ലഭ്യമാകാത്ത അങ്കണവാടികൾക്ക് ആയത് ലഭ്യമാക്കുന്നതിന് ജില്ലകളിലെ LSGD എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. **(നടപടി :ബന്ധപ്പെട്ട ജില്ലാതല പ്രോഗ്രാം ഓഫീസർമാരും )**

107. കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുള്ളവയുടെ നിർമ്മാണ പ്രവർത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. **(നടപടി :ബന്ധപ്പെട്ട ജില്ലാതല പ്രോഗ്രാം ഓഫീസർമാരും )**

**മറ്റ് നിർദ്ദേശങ്ങൾ**

108. അങ്കണവാടി വർക്കർമാർക്കുള്ള EDD ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തിരുവനന്തപുരം ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററിൽ നിന്നും പ്രസ്തുത

ട്രെയിനിംഗ് ലഭ്യമായ സിഡിപിഒ, സൂപ്പർവൈസർമാരെ ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. **(നടപടി :- സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ 1 )**

109. അങ്കണവാടി വർക്കർ / ഹെൽപ്പർമാർക്കുള്ള TA കുടിശിക എത്രയെന്ന് ജില്ലകളിൽ നിന്നും collect ചെയ്ത് പ്രസ്തുത TA അനുവദിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന് അയയ്ക്കേണ്ടാതാണ്. കൂടാതെ ഒക്ടോബർ മാസം അങ്കണവാടി വർക്കർ / ഹെൽപ്പർമാർക്ക് ഓൺലൈൻ ആയി റിവ്യൂ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. **(നടപടി : എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർ, ICDS B6 സെക്ഷൻ )**

**Signed by Priyanka G**
**Date: 17-10-2023 12:59:17**